പമ്പയിലെ ജലത്തിൽ കോളിഫോം ബാക്ടീരിയ

53(2521) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സീസൺ ആരംഭിച്ചപ്പോൾ തന്നെ പമ്പയിലെ ജലത്തിൽ കോളിഫോം ബാക്ടീരിയകളുടെ അളവ് അനുവദനീയമായതിനേക്കാൾ അപായകരമാം വിധം വർദ്ധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനാഫലം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) തീർത്ഥാടനക്കാല ഒരുക്കങ്ങൾക്കും മണ്ഡലകാല പ്രവർത്തനങ്ങൾക്കുമായി സന്നിധാനത്തും പമ്പയിലും പണിയെടുത്തു വരുന്നവർക്ക് പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിന് മതിയായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ പരാജയപ്പെട്ടതിനാലാണ് ഇപ്രകാരം അനാരോഗ്യകരമായ അവസ്ഥയുണ്ടായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) കോളിഫോം ബാക്ടീരിയകളുടെ അളവ് വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പമ്പാ നദിയിൽ നിലവിലുള്ള (4-12-2015 തീയതിയിലെ) കോളിഫോം ബാക്ടീരിയയുടെ അളവ് 100 മില്ലി ലിറ്റർ ജലത്തിൽ 3500 മുതൽ 150000 വരെയാണ്. (മുകളിൽ കൊച്ചു പമ്പ മുതൽ താഴെ ആറാട്ട് കടവിന് താഴെ വരെ) കുളിക്കുവാൻ ഉപയോഗിക്കുന്ന ജല സ്രോതസ്സുകളിൽ ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ അഭികാമ്യമായ അളവ് 100 മില്ലി ലിറ്റർ വെള്ളത്തിൽ 500 വരെയാണ് ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ അങ്ങേയറ്റം അനുവദിക്കാവുന്ന പരിധി 100 മില്ലി ലിറ്ററിൽ 2500 ആണ്. കോളിഫോം ബാക്ടീരിയയുടെ അളവ് അഭികാമ്യമായ പരിധിക്ക് 300 മടങ്ങ് വരെ കണ്ടിട്ടുണ്ട്. അണുനശീകരണം മാത്രം നടത്തി കുടിവെള്ളമായി ഉപയോഗിക്കാവുന്ന ജലത്തിൽ അനുവദനീയമായ ടോട്ടൽ കോളിഫോം ബാക്ടീരിയയുടെ അളവ് 100 മില്ലി ലിറ്റർ വെള്ളത്തിൽ 50 എണ്ണം വരെയാണ്. പമ്പയിൽ കൊച്ചുപമ്പ ഭാഗത്ത് നിന്നും എടുക്കുന്ന ജലം അണുനശീകരണം മാത്രം നടത്തിയാണ് കുടിവെള്ളത്തിനായി വിതരണം ചെയ്യുന്നത്. കോളിഫോം ബാക്ടീരിയയുടെ അളവ് സീസൺ ആരംഭ സമയത്ത് കുടിവെള്ള സ്രോതസ്സായ കൊച്ചുപമ്പയിൽ 40000 വരെ ആയിരുന്നത് ശക്തമായ നടപടികൾമൂലം 3500 വരെയായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത് അനുവദിച്ച പരിധിയിൽ നിന്നും 70 മടങ്ങ് കൂടുതലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തീർത്ഥാടനകാല ഒരുക്കങ്ങൾക്കും മണ്ഡലകാല ഒരുക്കങ്ങൾക്കും മണ്ഡലകാല പ്രവർത്തനങ്ങൾക്കുമായി സന്നിധാനത്തും പമ്പയിലും പണിയെടുത്തു വരുന്നവർക്ക് പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിന് പൊതുസംവിധാനം ഉപയോഗിക്കാവുന്നതാണ്. പമ്പയിലെ 3.5 MLD ശേഷിയുള്ള പ്ലാന്റിന്റെ അപര്യാപ്തതയും സന്നിധാനത്തെ 5 MLD പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകാത്തതുമാണ് പമ്പാ നദിയിൽ കോളിഫോ ബാക്ടീരിയയുടെ അളവിലെ വർദ്ധനവിനുള്ള കാരണം.

രോഗിയോട് ഡോക്ടർമാരുടെ ക്രൂരമായ പെരുമാറ്റം

54(2522) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും 23-11-2015-ൽ റഫർ ചെയ്ത് എസ്.എ.ടി. ആശുപത്രിയിൽ എത്തിയ ശ്രീമതി ഷെർളി പ്രഭയെ കാഷ്വാലിറ്റി ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടർ പരിഗണിച്ചില്ലെന്നും ഒ.പി. ടിക്കറ്റ് വാങ്ങി കീറി കളയുകയും ചെയ്ത എന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് രോഗിയുടെ സഹോദരൻ സുപ്രണ്ടിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സുപ്രണ്ട് സ്വീകരിച്ചിട്ടുള്ള നടപടി പകർപ്പ് സഹിതം ലഭ്യമാക്കുമോ ;

(സി) പരാതി സംഗതി നടന്ന സമയം ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടർ ആരാണെന്നും ജില്ലയിൽ എത്രകാലമായി ജോലി നോക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ഡി) പരാതിക്കാരെ വിളിപ്പിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) നിർദ്ധനയായ രോഗിയോട് ക്രൂരമായി പെരുമാറിയ ഡോക്ടർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത പരാതിയിന്മേൽ എൻക്വയറി നടത്തുകയും പ്രസ്തുത ഡോക്ടർക്ക് മെമ്മോ കൊടുക്കുകയും അതിനുള്ള മറുപടി ലഭിക്കുകയും അത് സൂപ്രണ്ട് പ്രിൻസിപ്പലിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ നടപടി ആയിട്ടില്ല.

(സി&ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

GPM. 2/242/2020-18

LIBRARY ARCHIVES Kerala Legislative Assembly